LIBRARY ARCHIVES Kerala Legislative Assembly

(സി) സപ്ലൈകോ പ്രാദേശിക കർഷകരിൽനിന്നും നെല്ല് സംഭരിക്കുകവഴി അരിയുടെ വിലസ്ഥിരത ഉറപ്പ് വരുത്താൻ സാധിച്ചിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽനിന്ന് അരി വാങ്ങുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പ്രക്രിയ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇപ്രകാരം സംഭരിക്കുന്ന നെല്ലിന്റെ അരി പൊതുവിതരണ ശൃംഖലവഴി മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും അരി വാങ്ങാറില്ല.

(ഡി) നെല്ല് സംഭരണത്തിന് താമസം വരുത്തുന്നതുമൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി ഏർപ്പെടുന്ന കരാറിൽ സ്വകാര്യ മില്ലുടമകൾ ഒപ്പുവയ്ക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ചിലപ്പോഴൊക്കെ സംസ്ഥാനത്തിന്റെ ചിലയിടങ്ങളിൽ നെല്ല് സംഭരണം വൈകുന്നതിന് ഇടയാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സമയത്ത് കർഷകർ അംഗീകരിക്കുന്ന നിബന്ധന പ്രകാരം കൊയ്ത്ത് തുടങ്ങി 30 ദിവസത്തിനുള്ളിൽ നെല്ല് സംഭരിക്കണമെന്നുള്ള സമയപരിധിക്കുള്ളിൽത്തന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരമുള്ള നെല്ല് സംഭരിക്കുന്നുണ്ട്.

സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

118 (129) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്?

കോവിഡ്മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് താങ്ങായി സൗജന്യ ഭക്ഷ്യകിറ്റ് വിതരണം മേയ് മാസം 2021-ലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ NPS, NPNS വിഭാഗങ്ങൾക്ക് 15 രൂപ നിരക്കിൽ സ്പെഷ്യൽ അരി മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും വിതരണം ചെയ്യൽ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ജനകീയ ഹോട്ടലിൽ നിശ്ചിത അളവിൽ അരി നൽകിവരുന്നുണ്ട്. റേഷൻ കടകളും, മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർമാർക്കറ്റുകളും ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ലോക്ഡൗണിലും തുറന്നു പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇലക്ഷന് മുമ്പ് പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണം എന്നുവരെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്?

2021 മേയ്, ജൂൺ മാസങ്ങളിൽകൂടി ഭക്ഷ്യകിറ്റ് വിതരണം തുടരാൻ തീരുമാനിക്കുകയും വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സൗജന്യ ഭക്ഷ്യകിറ്റിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിന് ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് സപ്ലൈകോവഴി വിതരണം ചെയ്യുവരുന്ന ഭക്ഷ്യകിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും മേൽപ്പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്.

(ഡി) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ കേന്ദ്രം ഭക്ഷ്യകിറ്റ് വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ഇ) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിന് ഇതിനകം എത്ര തുകയാണ് നൽകിയത്?

സർക്കാരിൽനിന്നും സാമ്പത്തിക സഹായമായി നാളിതുവരെ ലഭിച്ച 4648.29 കോടി രൂപ പൊതുവിതരണ വകുപ്പ് മുഖേന സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ വില വർദ്ധന തടയാൻ നടപടി

119 (130) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി സപ്ലൈകോ വിൽപ്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പല അവശ്യ സാധനങ്ങൾക്കും മാർക്കറ്റ് വിലയെക്കാൾ വില കൂടി നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ